# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ജീവനക്കാര്യം - ഫെയർ കോപ്പി വിഭാഗം - 9, 10 ശമ്പള പരിഷ്ക്കരണ ഉത്തരവുകൾക്കനുസരിച്ചുള്ള 1:1 റേഷ്യോ പ്രമോഷൻ ഓഫീസ് സൂപ്രണ്ട് തസ്തികയിൽ നടപ്പിലാക്കുന്നതിനും പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (എഫ്.സി.&ഡി.) ഹയർ ഗ്രേഡ്, സെക്ഷൻ ഓഫീസർ (എഫ്.സി.&ഡി.) തസ്തികകളിലേക്കുള്ള ഉദ്യോഗക്കയറ്റം നിർത്തലാക്കുന്നതിനും തീരുമാനിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണവിഭാഗം എ-4 സെക്ഷൻ**

**നം. 3632/എ4/4/2017/ഭരണവിഭാഗം** **തീയതി, പി.ഡി.ഹിൽസ്, 17.06.2017**

പരാമർശം: 1. സർക്കാർ ഉത്തരവ് നം. 86/2011/ഫിൻ, തീയതി 26.02.2011.

2. റിട്ട് പെറ്റീഷൻ നം. 16592/12-ൽ ബഹു. കേരള ഹൈക്കോടതി 09.11.2016-ൽ പുറപ്പെടുവിച്ച വിധിന്യായം.
3. സർക്കാർ ധനകാര്യവകുപ്പിൽ നിന്നും 05.07.2016-ൽ ലഭിച്ച 36078/പി.ആർ.സി.-ഡി3/2013/ഫിൻ-ാം നമ്പർ കത്ത്.
4. സർവ്വകലാശാല ഉത്തരവ് നം. 2360/എ4/4/2017/ഭവി, തീയതി 27.04.2017.
5. സർവ്വകലാശാല ഉത്തരവ് നം. 2807/എ4/4/2017/ഭവി, തീയതി 15.05.2017.

## ഉത്തരവ്

ഫെയർ കോപ്പി വിഭാഗം ജീവനക്കാരുടെ പ്രമോഷൻ തസ്തികകളായിരുന്ന പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ്, സെക്ഷൻ ഓഫീസർ തസ്തികകൾ നിർത്തലാക്കുവാനും ഓഫീസ് സൂപ്രണ്ട് തസ്തികയിൽ 1:1 അനുപാതത്തിൽ ഗ്രേഡ് അനുവദിക്കുവാനും പരാമർശം (1)-ലെ ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ഫെയർ കോപ്പി വിഭാഗം പ്രമോഷൻ തസ്തികകളുമായി ബന്ധപ്പെട്ട പൊരുത്തക്കേടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാലയിൽ നിന്നും സർക്കാരിലേക്ക് അയച്ച കത്തുകൾക്ക് മറുപടിയായി സർക്കാരിന്റെ അന്തിമ തീരുമാനം ഒന്നും ലഭിക്കാതിരുന്ന സാഹചര്യവും പഴയ പ്രമോഷൻ രീതി തുടരുന്നതിന് ഫെയർ കോപ്പിവിഭാഗം ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ ഉണ്ടായ ഇടക്കാല ഉത്തരവുകളും കണക്കിലെടുത്ത്, ഫെയർ കോപ്പി വിഭാഗം ഓഫീസർമാർ സർവീസിൽ നിന്നും വിരമിക്കുമ്പോൾ പരീക്ഷാവിഭാഗത്തിലും മറ്റും ഉണ്ടാകുന്ന ജോലിഭാരം കുറയ്ക്കുന്നതിനായി ടി വിഭാഗം ജീവനക്കാർക്ക് സർക്കാരിന്റെ അന്തിമ തീരുമാനത്തിനു വിധേയമായി പ്രമോഷൻ നൽകിവന്നിരുന്നു.

പത്താം ശമ്പള പരിഷ്ക്കരണ ഉത്തരവിലും ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവിലെ തീരുമാനം ആവർത്തിക്കുകയാണുണ്ടായത്. എന്നാൽ ബഹു. കേരള ഹൈക്കോടതിയിൽ നിന്നുള്ള ഇടക്കാല ഉത്തരവുകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല.

ഫെയർ കോപ്പി വിഭാഗം ഓഫീസർമാരായ ശ്രീമതി ഇന്ദിര കെ.കെ., ശ്രീമതി ഗീത റ്റി.യു. എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം. 16592/12 പരിഗണിച്ചപ്പോൾ സർവ്വകലാശാലയ്ക്ക് ബാധകമായ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസ്, 1978-ൽ ഭേദഗതികൾ വരുത്തിയിട്ടില്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് പരാമർശം (2) പ്രകാരമുള്ള അന്തിമ വിധിന്യായം ബഹു. ഹൈക്കോടതി പുറപ്പെടുവിക്കുകയുണ്ടായി.

ടി വിധിന്യായവും പരാമർശം (3)ലെ സർക്കാർ കത്തും ആയതിന്മേലുള്ള സർവ്വകലാകാല സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശവും സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം പരിഗണിച്ചതിനെ തുടർന്ന് നിയമോപദേശം അംഗീകരിക്കുന്നതിന് പരാമർശം (4) പ്രകാരവും ഓർഡിനൻസ് രൂപീകരിക്കുവാൻ പരാമർശം (5) പ്രകാരവും ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4), (5) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സിൻഡിക്കേറ്റ് തീരുമാനത്തിന്റെ തീയതിയായ 01.04.2017 മുതൽ ചുവടെ പരാമർശിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുവാൻ അനുവദിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. 01.04.2017 മുതൽ, ഫെയർ കോപ്പി വിഭാഗത്തിൽ അതുവരെ തുടർന്നിരുന്ന ഉദ്യോഗക്കയറ്റ രീതി അവസാനിപ്പിച്ച് ശമ്പള പരിഷ്ക്കരണ ഉത്തവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്.
2. 31.03.2017 വരെ ഉദ്യോഗക്കയറ്റം ലഭിച്ച പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ്, സെക്ഷൻ ഓഫീസർ എന്നിവരെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ അതാത് തസ്തികകൾക്ക് അനുവദിച്ചിരിക്കുന്ന ശമ്പള സ്കെയിലിൽ തുടരാൻ അനുവദിക്കുന്നതാണ്.
3. 01.04.2017 മുതൽ പ്രാബല്യത്തിൽ 38 ടൈപ്പിസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ നിലനിൽക്കുന്നത് പരിഗണിച്ച് (പൂൾ ഓഫീസർ-2, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-11, സെക്ഷൻ ഓഫീസർ-11, ഓഫീസ് സൂപ്രണ്ട്-14, ആകെ = 38) 1:1 അനുപാതത്തിൽ, 19 ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തിക എന്നും 19 ഓഫീസ് സൂപ്രണ്ട് തസ്തിക എന്നും നിജപ്പെടുത്തിയിരിക്കുന്നു.
4. 01.04.2017-ൽ പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), സെക്ഷൻ ഓഫീസർ തസ്തികകളിലുള്ളവരെ ഓഫീസ് സൂപ്രണ്ട് തസ്തികയിൽ 1:1 റേഷ്യോ പ്രമോഷൻ നടപ്പിലാക്കുന്നതിന് കണക്കിലെടുത്ത 38 തസ്തികകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ -1 (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ ഫെയർ കോപ്പി വിഭാഗം ജീവനക്കാർക്കും
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, സി.ഇ. എന്നിവരുടെ പി.എ.മാർ
4. എ.ആർ.-1/ഡി.ആർ-1/ജെ.ആർ-1 (ഭവി.)
5. പൂൾ ഓഫീസർ (ഭരണവിഭാഗം, പരീക്ഷാവിഭാഗം)
6. എസി.സി./ലീഗൽ/എസി.എൽ.
7. എഡി.എ8 (അനന്തര നടപടികൾക്കായി)
8. ഐ.ക്യു.എ.സി./സി.എം.എസ്./കെ.എസ്.എ. ഡിപ്പാർട്ട്മെന്റ്
9. ഓഡിറ്റ് 2/3/എഫ്സി.സി./ജനറൽ ക്യാഷ്-1/ഫിൻ-1
10. എഡി.സി1/2/എഡി.എ1/റെക്കോർഡ്സ്
11. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എഡി.എ4/4/1188/2015